**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തൈക്കാട്ടുശേരി ബ്ലോക്ക്പഞ്ചായത്ത് 1997-98 വാർഷിക പദ്ധതി - പാണാവള്ളി ഗ്രാമപഞ്ചായത്ത് മൃഗാശുപത്രി കെട്ടിട നിർമ്മാണ ഗുണഭോക്തൃ സമിതിയിൽ നിന്നും ഈടാക്കേണ്ട പലിശ ഒഴിവാക്കി ബ്ലോക്ക് പഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള തുക കഴിച്ച് ബാക്കി തുക ഗുണഭോക്തൃ സമിതിയിൽ നിന്നും ഈടാക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**തദ്ദേശസ്വയംഭരണ (ഡിഡി ) വകുപ്പ്**

**സ.ഉ.(സാധാ)നം.2821/2017/തസ്വഭവ** **തിരുവനന്തപുരം, തീയതി, 17/08/2017.**

================================================================================

പരാമർശം: 1. പാണാവള്ളി മൃഗാശുപത്രി കെട്ടിടത്തിന്റെ നിർമ്മാണ കമ്മിറ്റി ചെയർമാൻ ശ്രീ.കൃഷ്ണപ്രസാദ്, കൺവീനർ ശ്രീ.സുരേഷ്കുമാർ എന്നിവർ 28.09.2016 തീയതിയിൽ സമർപ്പിച്ച ഹർജി.

2. 15/04/2017 തീതിയിലെ ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ട്.

**ഉത്തരവ്**

തൈക്കാട്ടുശേരി ബ്ലോക്ക്പഞ്ചായത്ത് 1997-98 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പാണാവള്ളി ഗ്രാമപഞ്ചായത്തിലെ 6ാം വാർഡിലെ മൃഗാശുപത്രി കെട്ടിട നിർമ്മാണ പ്രോജക്ടിന്റെ ഗുണഭോക്തൃസമിതി കൺവീനർ ശ്രീ.സുരേഷ്കുമാർ ചെയർമാൻ ശ്രീ.കൃഷ്ണപ്രസാദ് എന്നിവർ തങ്ങൾക്കെതിരെ സ്വീകരിച്ചിട്ടുള്ള റവന്യൂ റിക്കവറി നടപടികൾ അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാമർശം 1 പ്രകാരം നിവേദനം സമർപ്പിച്ചു. പദ്ധതി നിർവ്വഹണത്തിന് മുൻകൂർ തുകയായി 35860/- രൂപ കൈപ്പറ്റുകയും നിർമ്മാണത്തിനായി 27171/-രൂപ ചെലവഴിക്കുകയും ബാക്കി തുക നിർമ്മാണാവശ്യങ്ങൾക്ക് മതിയാവാത്തതിനാൽ അടുത്ത ഗഡു പണത്തിനായി ബ്ലോക്ക് ഓഫീസിനെ സമീപിച്ചെങ്കിലും ഫണ്ട് അനുവദിക്കാത്തതിനാൽ പണി മുടങ്ങി. അതിനുശേഷം 2003 മാർച്ചിൽ റവന്യൂ റിക്കവറിക്ക് നോട്ടീസ് ലഭിക്കുകയും ബഹു.കേരള ഹൈക്കോടതിയെ സമീപിക്കുകയും ബഹു. കോടതി 15,000/-രൂപ കെട്ടിവയ്ക്കാൻ നിർദ്ദേശിച്ചുകൊണ്ട് തുടർ നടപടികൾ സ്റ്റേ ചെയ്യുകയും 20/03/2003 ൽ ടി തുക കെട്ടിവക്കുകയും 2006 ൽ കേസ് ഡിസ്പോസ് ചെയ്യുകയും ചെയ്തു. 2006 ലെ ബഹു.ഹൈകോടതിയുടെ ഓർഡർ അനുസരിച്ച് റവന്യൂ റിക്കവറി നിലവിൽ ഇല്ലെങ്കിലും പാണാവള്ളി വില്ലേജ് ആഫീസിൽ ആർ.ആർ.നിലനിൽക്കുന്നതിനാൽ 20/03/2003 ൽ അടച്ച 15,000/- സ്വീകരിച്ച് കുറ്റവിമുക്തരാക്കി റവന്യൂ റിക്കവറി പിൻവലിക്കണമെന്നാണ് നിവേദനത്തിലെ ആവശ്യം.

2) പരാമർശം(2)ലെ ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ട് പ്രകാരം 07/02/2000 ൽ പ്രസ്തുത പ്രവൃത്തി കൺവീനറുടെ അനാസ്ഥമൂലം നിർത്തിവയ്ക്കുകയും 28/02/2001 ലെ കമ്മിറ്റി തീരുമാന പ്രകാരം തുക 18% പലിശ ഉൾപ്പെടെ തിരിച്ചടക്കുന്നതിന് ആവശ്യപ്പെടുകയും അല്ലാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുമെന്ന വിവരം അറിയിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത കൺവീനറും ചെയർമാനും പ്രതികരിക്കാത്തതിനാൽ 35,831/- രൂപ പലിശ ഉൾപ്പെടെ 23,638/- രൂപ ആകെ 59,469/- രൂപയ്ക്ക് ആർ.ആർ.നടപടികൾ ആരംഭിച്ചു. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ വാല്യൂഷൻ 14,558/- കണക്കാക്കിയിട്ടുണ്ട്. എന്നാൽ തടി ഉരുപ്പടികൾ ഉറപ്പിക്കാത്ത സാഹചര്യത്തിൽ മെഷർമെന്റിൽ രേഖപ്പെടുത്താൻ കഴിയില്ല എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അഡ്വാൻസ് തുകയായ

35,831/- രൂപയിൽനിന്നും വാല്യൂഷൻ തുകയായ 14,558/- രൂപ കിഴിച്ച് ബാക്കി 21,273/- രൂപ 18% പലിശ ഉൾപ്പെടെ തിരിച്ചടയ്ക്കുന്നതിന് 24-08-2002-ൽ കൺവീനർക്കും ചെയർമാനും കത്ത് നൽകുകയും ടി തീരുമാനത്തിന് എതിരെ പരാതിക്കാർ ബഹു. കേരള ഹൈക്കോടതിയെ സമീപിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 09-11-2016-ൽ (ഒ.പി. നമ്പർ 7966/2003) ഇടക്കാല ഉത്തരവ് പ്രകാരം പരാതിക്കാരോട് 15,000/- രൂപ അടയ്ക്കുവാനും ബ്ലോക്ക് പഞ്ചായത്തിന് വീണ്ടും അപേക്ഷ സമർപ്പിക്കുവാനും ആവശ്യപ്പെട്ടു. കൂടാതെ പരാതിക്കാരനെ നോട്ടീസ് നൽകി വിളിപ്പിക്കാനും പരാതി വീണ്ടും കേൾക്കുന്നതിനും ഉത്തരവായി. ആയതിന്റെ അടിസ്ഥാനത്തിൽ 18-12-2006-ലെ 5/99 നമ്പർ കത്ത് പ്രകാരം പരാതിക്കാരെ നേരിട്ട് കേൾക്കുന്നതിനായി 27-12-2006-ൽ ബ്ലോക്ക് പഞ്ചായത്തിൽ ഹാജരാകുവാൻ ആവശ്യപ്പെട്ടു. എന്നാൽ പരാതിക്കാർ ആരുംതന്നെ ടി ദിവസം ബ്ലോക്ക് പഞ്ചായത്തിൽ എത്തിച്ചേർന്നിരുന്നില്ല. എന്നാൽ പരാതിക്കാർ, കോടതി ഉത്തരവ് നടപ്പാക്കിയില്ല എന്ന കാരണംപറഞ്ഞ് വീണ്ടും കോടതിയെ സമീപിക്കുകയുണ്ടായി. പരാതിക്കാരന്റെ പരാതി കേട്ടതിന്റെ അടിസ്ഥാനത്തിൽ പണി പൂർത്തീകരിച്ച് ഉറപ്പിക്കാത്ത തടി ഉരുപ്പടികളുടെ വാല്യൂഷൻ എം ബുക്കിൽ രേഖപ്പെടുത്താൻ കഴിയില്ല എന്ന വിവരം പരാതിക്കാരെ ബോധ്യപ്പെടുത്തുകയും ആയതിന്റെ നടപടിക്രമങ്ങൾ ബഹു. ഹൈക്കോടതിയെ അറിയിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 21-10-2011-ൽ കോടതിയലക്ഷ്യക്കേസ് തള്ളിക്കളയുകയുണ്ടായി. വീണ്ടും 25-04-2012-ൽ പരാതിക്കാർ എം ബുക്ക് പ്രകാരമുള്ള ചെലവും കോടതിയിൽ അടച്ച തുകയും (15,000/- രൂപ) പരിശോധിച്ച് റവന്യൂ റിക്കവറി നടപടിയിൽനിന്നും ഒഴിവാക്കാൻ ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചു. അപേക്ഷ പരിഗണിച്ച് മേൽ പറഞ്ഞ തുക കിഴിച്ച് ബാക്കി തുകയും 31-05-2012 വരെയുള്ള പലിശയും ചേർത്ത് 61,237/- രൂപ അടയ്ക്കുവാൻ ആവശ്യപ്പെടുകയുണ്ടായി. സർക്കാർ ഉത്തരവ് പ്രകാരം മരാമത്ത് പ്രവൃത്തികളിൽ റവന്യൂ റിക്കവറി നടപടികൾക്ക് 18% പലിശ വാങ്ങണം എന്ന് നിർദ്ദേശമുള്ള അവസ്ഥയിൽ പലിശ ഇളവുനൽകുന്ന കാര്യം സർക്കാർ തലത്തിൽ തീരുമാനിക്കാനും ശുപാർശചെയ്യുകയുണ്ടായി.

3) ഈ വിഷയത്തിൽ പരാതിക്കാരെ സർക്കാർ 25.05.2017 ന് നേരിൽ കേൾക്കുകയുണ്ടായി. പരാതിക്കാരുടെ വാദഗതികൾ ചുവടെ ചേർക്കുന്നു.

(എ) മുൻകൂറായി അനുവദിക്കപ്പെട്ട തുകയിൽ ചെലവഴിച്ച തുക കിഴിച്ചുള്ള തുക നിർമ്മാണാവശ്യത്തിന് മതിയാകുമായിരുന്നില്ല എന്നതിനാൽ അടുത്ത ഗഡുവിനായി ബ്ലോക്ക് പഞ്ചായത്തിനെ സമീപിച്ചെങ്കിലും ആയത് ലഭിച്ചിട്ടില്ല.

(ബി) 2003-ൽ റവന്യൂ റിക്കവറി നടപടികൾ ഇവർക്കെതിരേ ആരംഭിച്ചതിനു ശേഷം ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 15,000/- രൂപ കെട്ടിവച്ചിട്ടുണ്ട്.

(സി) ഒരു പ്രോജക്റ്റിന്റെ നിർമ്മാണത്തിന് പ്രോജക്റ്റ് പ്രദേശത്തെ ഗുണഭോക്താക്കൾ ചേർന്ന് രൂപീകരിക്കുന്നതാണ് ഗുണഭോക്തൃസമിതി. ഇടനിലക്കാരേയും കരാറുകാരേയും ഒഴിവാക്കി ലാഭേച്ഛ കൂടാതെ പ്രോജക്റ്റ് നിർവ്വഹിക്കുകയാണ് സമിതിയുടെ ചുമതല. പദ്ധതിയുടെ നിർവ്വഹണത്തിൽ ഗുണഭോക്തൃസമിതി ലാഭമൊന്നും ആർജ്ജിക്കുന്നില്ല.

(ഡി) പ്രോജക്റ്റിന്റെ ഭാഗമായി 14,558/- രൂപയുടെ ജോലികൾ നിർവ്വഹിച്ചതായി ബ്ലോക്ക് പഞ്ചായത്ത് അംഗീകരിച്ചിട്ടുണ്ട്. ടി തുകയ്ക്ക് വാല്യുവേഷൻ നൽകിയിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗുണഭോക്തൃ സമിതിയുടെ യോഗങ്ങളുടെ നടപടിക്കുറിപ്പുകൾ പരാതിക്കാർ ഹിയറിംഗ് വേളയിൽ ഹാജരാക്കിയതിൽ നിന്നും ഈ കേസിൽ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ ഗുണഭോക്തൃസമിതിയുടെ ഭാഗത്തുനിന്ന് ചില വീഴ്ചകൾ വന്നിട്ടുണ്ടെങ്കിലും കമ്മിറ്റി ദുരുദ്ദേശപരമായി

പ്രവർത്തിച്ചതായി കാണുന്നില്ല. ഒരു പദ്ധതിയുടെ നിർവ്വഹണത്തിൽ ഗുണഭോക്തൃ സമിതി ലാഭമൊന്നും ആർജ്ജിക്കുന്നില്ല എന്നത് പരിഗണിച്ചും ഗുണഭോക്തൃ സമിതിയിൽ നിന്നും ഈടാക്കേണ്ട പലിശ ഒഴിവാക്കി നൽകുന്നത് തികച്ചും ഉചിതമാണ് എന്ന് കാണുന്നു.

5) മേൽ സാഹചര്യത്തിൽ, തൈക്കാട്ടുശേരി ബ്ലോക്ക്പഞ്ചായത്ത് 1997-98 വാർഷിക പദ്ധതിപ്രകാരം പാണാവള്ളി ഗ്രാമപഞ്ചായത്ത് മൃഗാശുപത്രി കെട്ടിട നിർമ്മാണ ഗുണഭോക്തൃ സമിതിയിൽ നിന്നും ഈടാക്കേണ്ട പലിശ ഒഴിവാക്കി ബ്ലോക്ക് പഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള തുക കഴിച്ച് ബാക്കി തുക ഗുണഭോക്തൃ സമിതിയിൽ നിന്നും ഈടാക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
മിനിമോൾ എബ്രഹാം
അഡീഷണൽ സെക്രട്ടറി

പകർപ്പ്:

1. കൃഷ്ണപ്രസാദ്.കെ.ആർ, രാമനിലയം, തൃച്ചാറ്റുകുളം, ആലപ്പുഴ.
2. സുരേഷ് കുമാർ.കെ.ആർ, വല്ലില്ലത്ത്, തൃച്ചാറ്റുകുളം, ആലപ്പുഴ.
3. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
4. സെക്രട്ടറി, പാണാവള്ളി ഗ്രാമപഞ്ചായത്ത്.
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
6. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
7. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്